KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION (CITU)

**(Regd. No. 180/71)**
**Kottapuram Road Trissur-4**
**E-mail: ksfesacitu@yahoo.co.in Web : www.ksfesa.com**

President
A. K. Balan MLA
Mob: 9846361111

General Secretary
S. Muraleekrishnapillai
Mob: 9446538432

**സർക്കുലർ നമ്പർ 11/2014**

സഖാക്കളേ, സുഹൃത്തുക്കളേ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റിയംഗങ്ങളുടെ യോഗം 23-10-14 (വ്യാഴം) രാവിലെ 11.30 ന് തിരുവനന്തപുരം സി. ഐ. റ്റി. യു. ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. അന്നേ ദിവസം 10.30 ന് സംസ്ഥാന ഭാരവാഹിയോഗവും ചേർന്നു. ആരോഗ്യസംബന്ധമായ കാരണത്താൽ നമ്മുടെ പ്രസിഡന്റ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തില്ല. സഖാക്കൾ അനിൽകുമാർ പി. വി., മാത്യൂസ് മാത്യൂസ്, മുഹമ്മദ് ഇക്ബാൽ. എ., ബിജു. പി. പി., ജസിൽ കുമാർ വി. കെ. എന്നിവർക്ക് അവധി അനുവദിച്ചു വൈസ്പ്രസിഡന്റ് സ: ടി. സി. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചയ്ക്കു ശേഷം സംസ്ഥാന കമ്മിറ്റിയോഗം താഴെ കൊടുക്കുന്ന തീരുമാനങ്ങളെടുത്തു.

1. **ശമ്പളപരിഷ്ക്കരണ ചർച്ച അനന്തമായി നീണ്ടുപോകുന്നതിൽ യോഗം പ്രതിഷേധിച്ചു.**

നമ്മുടെ സ്ഥാപനത്തിൽ ശമ്പളപരിഷ്ക്കരണ ചർച്ച ആരംഭിച്ച് ഇടക്കാലാശ്വാസം വിതരണം ചെയ്തുവെങ്കിലും തുടർ ചർച്ച നടക്കാത്തതുമൂലം ശമ്പള പരിഷ്ക്കരണ പ്രകിയ അനന്തമായി നീളുകയാണ്. രൂക്ഷമായ വിലക്കയറ്റം മൂലം ശമ്പളം തന്നെ അപഹരിയ്ക്കപ്പെടുന്ന സ്ഥിതിയാണ്. തുടർ ചർച്ച വിളിച്ചു ചേർത്ത് ശമ്പളപരിഷ്ക്കരണം നടപ്പാക്കണമെന്ന് മാനേജ്മെന്റിനോടും സർക്കാരിനോടും ആവശ്യപ്പെടാൻ തീരുമാനിച്ചു.

2. **അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്കുള്ള പ്രമോഷൻ അടിയന്തിരമായി നടത്തുക**

പ്രമോഷനുകൾ, റിട്ടയർമെന്റ്, ബിസിനസ് വികസനം, ശാഖാ വികസനം എന്നിവ മൂലം സ്ഥാപനത്തിൽ 200 ഓളം അസിസ്റ്റന്റ് മാനേജർ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. കൂടാതെ കുടിശികനിവാരണം, ഡോർകളക്ഷൻ, ബിസിനസ് കാമ്പയിൻ, എന്നീ മേഖലകളിൽ സൂപ്പർ വൈസറി തസ്തിക സ്ഥാപന താൽപര്യത്തിന് അനുരോധമായി ശക്തിപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഒപ്പമിരുന്നു ജോലി ചെയ്തവർ രണ്ടു പ്രമോഷൻ നേടി മാനേജർമാരായി മാറിയിട്ടും അസിസ്റ്റന്റ് മാനേജരായി പോലും പ്രമോഷൻ ലഭിയ്ക്കുന്നില്ല എന്ന ധർമ്മ സങ്കടത്തിലാണ് ജീവനക്കാർ. ആയതിനാൽ പ്രസ്തുത വിഷയം അടിയന്തിരമായി ചർച്ച ചെയ്ത് അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷനുകൾ നൽകണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

3. **ഓഫീസ് അറ്റന്ററുമാരുടെ By Transfer പ്രമോഷൻ അനുപാതം 5% ൽ നിന്ന് 10% ലേയ്ക്ക് ഉയർത്തിയ സർക്കാർ ഉത്തരവ് (ഉത്തരവ് നമ്പർ 173/TD/14-10-2014)**

അസിസ്റ്റന്റ് തസ്തികയിലേക്കുള്ള By Transfer പ്രമോഷൻ അനുപാതം 5% ൽ നിന്നും 10% ആയി ഉയർത്തികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 162/ TD /24-9-13 എന്ന സർക്കാർ ഉത്തരവിലെ അപാകതകൾ തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നമ്മുടെ സംഘടന ബഹു. നികുതി വകുപ്പ് സെക്രട്ടറിക്ക് നൽകിയ കത്തിനെ തുടർന്നാണ് പ്രസ്തുത ഉത്തരവുണ്ടായിരിക്കുന്നത്. കത്ത് നൽകുക മാത്രമല്ല, തുടർന്ന് സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് സ: എ. കെ. ബാലൻ MLA യും, സി. ഐ. റ്റി. യു. സംസ്ഥാന നേതൃത്വവും ഈ വിഷയത്തിൽ നടത്തിയ ശക്തമായ ഇടപെടൽ മൂലമാണ്

ഈ ഉത്തരവിറങ്ങാനുള്ള സാഹചര്യം രൂപപ്പെട്ടത്. സ്ഥാപനത്തിലെ ജീവനക്കാർക്ക് അനുകൂലമായി സത്വരം നിലപാട് സ്വീകരിച്ച കേരളസർക്കാരിനെയും, പി. എസ്. സി. യേയും, കെ. എസ്. എഫ്. ഇ. മാനേജ്മെന്റിന്റേയും നിലപാടിനെ ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നു.

**ഉത്തരവിന്റെ ശ്രദ്ധേയമായ നേട്ടം**

24-9-13-നു ശേഷം, 5 ശതമാനം നിരക്കിൽ 16 By Transfer ഒഴിവുകളാണ് ഉണ്ടായിരുന്നത്. മേൽ സൂചിപ്പിച്ച ഉത്തരവിനെ തുടർന്ന് ഒഴിവുകൾ 32 ആയി മാറി. നിലവിൽ റാങ്ക് ലിസ്റ്റിലുള്ള 10 പേർക്കും പ്രമോഷൻ ലഭിയ്ക്കും. (ഇവർക്ക് 27-10-14 തീയതിയിൽ പ്രമോഷൻ ഉത്തരവ് നൽകിയിട്ടുണ്ട്) എന്നു മാത്രമല്ല പുതിയ ആറ് ഒഴിവുകൾ കൂടി ഉണ്ടാകും. മാത്രമല്ല സെപ്റ്റംബർ 2014 മുതൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ By Transfer പ്രമോഷൻ അനുപാതം 10% ആയിരിക്കുകയും ചെയ്യും.

**ഉത്തരവിന്റെ കോട്ടം**

ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് 24-9-13-ന് കെ. എസ്. എഫ്. ഇ. യിൽ ഓഫീസ് അറ്റന്ററായി പ്രവർത്തിക്കുന്ന ജീവനക്കാർ അസിസ്റ്റന്റായി പ്രമോഷൻ നേടി 2 വർഷത്തിനുള്ളിൽ ഡി. സി. എ. യോഗ്യത നേടണം. 24-9-13 ന് ശേഷം സർവീസിൽ പ്രവേശിച്ച ജീവനക്കാരെ സംബന്ധിച്ച് ഡി. സി. എ. യോഗ്യത ഉണ്ടെങ്കിൽ മാത്രമേ പ്രമോഷൻ ടെസ്റ്റിന് അപേക്ഷിയ്ക്കാൻ കഴിയുകയുള്ളു. അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമനത്തിന് (90%) കമ്പ്യൂട്ടർ യോഗ്യത ആവശ്യമില്ല. സ്പെഷൽ റൂൾ ഭേദഗതി ഒഴിവാക്കി By Transfer പ്രമോഷൻ അനുപാതം 10% ആയി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് കത്ത് നൽകിയതിനൊപ്പം, അസിസ്റ്റന്റ് നിയമനത്തിന് പി. ജി. ഡി. സി. എ. യും By Transfer നിയമനത്തിന് ഡി. സി. എ. യും ബാധകമാക്കിയ മുൻ ബോർഡ് തീരുമാനം പിൻവലിയ്ക്കുമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കെ. എസ്. എഫ്. ഇ. ചെയർമാനും നമ്മുടെ സംഘടന കത്ത് നൽകിയിരുന്നു. കെ. എസ്. എഫ്. ഇ. ഡയറക്ടർ ബോർഡ് നമ്മുടെ കത്ത് അനുഭാവപൂർവ്വം പരിഗണിയ്ക്കുകയും അസിസ്റ്റന്റ് നിയമനത്തിന് കമ്പ്യൂട്ടർ യോഗ്യത ഒഴിവാക്കികൊണ്ടുള്ള തീരുമാനം എടുത്ത് സർക്കാരിനെയും, പി. എസ്. സി. യേയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരും പി. എസ്. സി. യും അനുകൂല നിലപാട് സ്വീകരിക്കുമെന്നാണ് നമ്മുടെ പ്രതീക്ഷ. അതായത് By Transfer നിയമനത്തിന് ഡി. സി. എ. യോഗ്യത ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള ഉത്തരവ് വീണ്ടും ഭേദഗതി ചെയ്യപ്പെടണം എന്നു സാരം

എന്നാൽ അതുവരെയും പ്രമോഷൻ നേടുന്നവർക്ക് ഡി. സി. എ. ബാധകമാണ് എന്നതിനാൽ ഡി. സി. എ. യോഗ്യത നേടുന്നതിനുള്ള ഫീസും ഡി. സി. എ. യ്ക്ക് പഠിക്കുന്നതിനാവശ്യമായ സ്റ്റഡി ലീവും നൽകണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. പ്രമോഷൻ ടെസ്റ്റ് എത്രയും വേഗം നടത്തുന്നതിന് പി.എസ്. സി യ്ക്ക് മാനേജമെന്റ് കത്ത് നൽകണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

8. **സംഘവേദി**

സംഘവേദിയുടെ സബ്കമ്മറ്റി യോഗം വിളിച്ചു ചേർക്കാനും സംഘവേദിയുടെ അടുത്ത ലക്കം നവംബർ മാസം പ്രസിദ്ധീകരിയ്ക്കുവാനും തീരുമാനിച്ചു.

9. **ജില്ലാ കമ്മറ്റികളും ജില്ലാ പ്രവർത്തക കൺവൻഷനുകളും**

എല്ലാ ജില്ലയിലും നവംബർ ആദ്യ പകുതിയ്ക്ക് മുമ്പായി ജില്ലാ കമ്മിറ്റിയോഗങ്ങൾ ചേരണം. നവംബറിൽത്തന്നെ ജില്ല/മേഖല പ്രവർത്തക കൺവെൻഷനുകൾ ചേരണം. പ്രവർത്തക യോഗങ്ങളിൽ സി. ഐ. റ്റി. യു. ജില്ലാ സെന്ററുമായി ബന്ധപ്പെട്ട് ഉദ്ഘാടകനെ നിശ്ചയിക്കണം..

10. **ജില്ലാ ഭാരവാഹികളുടെയും സംസ്ഥാനകമ്മറ്റിയംഗങ്ങളുടെയും സംയുക്തയോഗം**

ജില്ലാ ഭാരവാഹികളുടെയും സംസ്ഥാന കമ്മറ്റിയംഗങ്ങളുടെയും സംയുക്തയോഗം നവംബറിൽ ചേരാൻ തീരുമാനിച്ചു. യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് പങ്കെടുക്കുന്നതാണ്.

11. **സംസ്ഥാന വനിതാ സബ് കമ്മിറ്റി**

സംസ്ഥാന വനിതാ സബ്കമ്മിറ്റി ഭാരവാഹികളുടെ യോഗം അടിയന്തിരമായി വിളിച്ചു ചേർക്കാൻ തീരുമാനിച്ചു. വനിതാ സബ്കമ്മിറ്റികൾ രൂപീകരിയ്ക്കാത്ത ജില്ലാ കമ്മിറ്റികൾ അടിയന്തിരമായി വനിതാ സബ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും തീരുമാനിച്ചു.

12. **Computer Implementation Team -** PGDCA ഇല്ലാത്തവർക്കും സ്പെഷ്യൽ അലവൻസ് നൽകുക.

Computer Implementation Team ൽ PGDCA ഇല്ലാത്തവരും പ്രവർത്തിയ്ക്കുന്നുണ്ട്. മാത്രമല്ല വളരെ ഭംഗിയായും, കൃത്യമായും അവർ തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ PGDCA ഇല്ലായെന്ന കാരണത്താൽ ഇവർക്ക് സ്പെഷ്യൽ അലവൻസ് നിഷേധിക്കുകയാണ്. ഈ നിലപാട് തിരുത്തി implementation ടീമിലെ എല്ലാ ജീവനക്കാർക്കും സ്പെഷ്യൽ അലവൻസ് നൽകണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

13. **ജീവനക്കാരുടെ ഐഡന്റിറ്റി കാർഡ്**

സ്ഥാപനത്തിൽ പുതുതായി പ്രവേശനം ലഭിച്ച ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകിയിട്ടില്ല. മാത്രമല്ല, പ്രമോഷൻ ലഭിയ്ക്കുന്ന ജീവനക്കാർക്ക് കാർഡ് പുതുക്കി നൽകുന്നുമില്ല, ഐഡന്റിറ്റി കാർഡിൽ 'ജൂനിയർ അസിസ്റ്റന്റ്' എന്ന് രേഖപ്പെടുത്തിയ മാനേജർമാർ കെ. എസ്. എഫ്. ഇ. യിലുണ്ട് എന്നതാണ് യാഥാർത്ഥ്യം. പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെട്ട് അടിയന്തിര നടപടി സ്വീകരിയ്ക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

14. **ഓഫീസ് സ്റ്റേഷനറി - കുറയുന്ന ഗുണനിലവാരം - അടിയന്തിരമായി തിരുത്തുക.**

ഹെഡ് ഓഫീസിൽ നിന്നും നൽകുന്ന കംപ്യൂട്ടർ പേപ്പർ ഉൾപ്പെടെയുള്ള സാമഗ്രികളുടെ ഗുണനിലവാരം അടിക്കടി കുറഞ്ഞു വരികയാണ്. ഒരു ധനകാര്യ സ്ഥാപനത്തിൽ വളരെ ദീർഘമായ കാലയളവിൽ സൂക്ഷിയ്ക്കേണ്ട രേഖകളുടെ ഗുണനിലവാരം കുറയുന്നത് ആശാസ്യമായ പ്രവണതയല്ല. ഓഫീസ് സ്റ്റേഷനറി സാമഗ്രികളുടെ ഗുണനിലവാരം ഉയർത്തുന്നതിന് ശക്തമായ നിലപാടെടുക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു

15. **സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ 10% പ്രമോഷൻ**

സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ സ്ഥാപനത്തിലെ ഓഫീസ് അറ്റന്ററുമാർക്ക് ലഭിയ്ക്കേണ്ട പ്രമോഷൻ ആനുകൂല്യം ബിരുദയോഗ്യതയുള്ള ഓഫീസ് അറ്റന്ററുമാർക്ക് മാത്രമായി പരിമിതപ്പെടുത്തി ബോർഡ് തീരുമാനം എടുത്തിരിക്കുകയാണ്. ഈ തീരുമാനം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിയ്ക്കുകയാണ്. എസ്. എസ്. എൽ. സി. യോഗ്യതയുള്ളവർക്കും മേൽ ആനുകൂല്യം ഉറപ്പുവരുത്തണമെന്ന നമ്മുടെ ആവശ്യം അംഗീകരിയ്ക്കപ്പെട്ടില്ല. എസ്. എസ്. എൽ. സി. യോഗ്യതയുള്ളവർക്കും 10% പ്രമോഷൻ ആനുകൂല്യം ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മാനേജ്മെന്റിനും സർക്കാരിനും കത്ത് നൽകാൻ തീരുമാനിച്ചു.

16. **അന്ധവിശ്വാസങ്ങളും ആൾദൈവങ്ങളും - ജാഗ്രത ആവശ്യം**

നൂറുശതമാനം സാക്ഷരത നേടിയെന്ന് അഭിമാനിക്കുന്ന പ്രബുദ്ധകേരളം അപകടകരമായ സാമൂഹ്യസാഹചര്യത്തിലേയ്ക്ക് മടങ്ങിപ്പോകുകയാണ്. ആഗോളവത്ക്കരണം അടിച്ചേൽപ്പിയ്ക്കന്ന ദുരിതങ്ങളും മാനസിക സംഘർഷങ്ങളും മുതലെടുത്തുകൊണ്ട് ആൾദൈവങ്ങൾ തങ്ങളുടെ സാമ്രാജ്യം ശക്തിപ്പെടുത്തുകയാണ്. വിദ്യാസമ്പന്നർ പോലും രോഗശാന്തിയ്ക്കും മനഃശാന്തിയ്ക്കും വേണ്ടി മന്ത്രവാദികളെ സമീപിയ്ക്കുകയാണ് ഈ ദുരവസ്ഥയ്ക്കെതിരെ ശക്തമായ ബോധവത്ക്കരണവും ജാഗ്രതയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഡിസംബർ 5- ന്റെ ദേശീയപ്രക്ഷോഭം വിജയിപ്പിക്കുക**

പൊതുമേഖലകൾ സംരക്ഷിക്കുക, സുനിശ്ചിതമായ പെൻഷൻ ഉറപ്പുവരുത്തുക, തൊഴിൽ നിയമങ്ങൾ മുതലാളിമാർക്കനുകൂലമായി തിരുത്തുന്ന സമീപനത്തിൽ നിന്നും സർക്കാർ പിന്തിരിയുക, പ്രോവിഡന്റ് ഫണ്ട്, ബോണസ് എന്നിവയുടെ എല്ലാവിധ പരിധികളും എടുത്തു കളയുക, വിലക്കയറ്റം നിയന്ത്രിക്കുക തുടങ്ങി 10 ഇന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് രാജ്യത്തെ തൊഴിലാളികൾ സംയുക്തമായി ഡിസംബർ 5 ദേശീയ പ്രക്ഷോഭ ദിനമായി ആചരിക്കുകയാണ്. അന്നേ ദിവസം ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന വമ്പിച്ച തൊഴിലാളി റാലിയിൽ നമ്മുടെ വലിയ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സഖാക്കളേ,

108 മരുന്നുകളുടെ വിലനിയന്ത്രണം എടുത്തു കളയുന്ന തീരുമാനത്തിന് അംഗീകാരം കൊടുത്തിട്ടാണ് പ്രധാനമന്ത്രി നരേന്ദ്രമോദി അമേരിക്കയിലേക്ക് വിമാനം കയറിയത്. മരുന്നുകളുടെ വില നിശ്ചയിക്കാനുള്ള ഔഷധ വിലനിയന്ത്രണ അതോറിറ്റിയുടെ അധികാരമാണ് എടുത്തു കളഞ്ഞത്. വില നിയന്ത്രണം മാറിയപ്പോൾ, ക്രോണിക് മിലോയിഡ് ലുക്കിമിയ എന്ന രക്താർബുദത്തിന് നൽകുന്ന Glivec മരുന്നിന്റെ വില 8500 രൂപയിൽനിന്നും 1,08,000 രൂപയായി ഉയർന്നു. പേവിഷബാധയ്ക്കുള്ള ആന്റി റാബിസ് മരുന്നുവില 2670/- രൂപയിൽനിന്നും 7000 രൂപയിലെത്തി. കൂടാതെ ഹൃദ്രോഗം, എയ്ഡ്സ്, പ്രമേഹം, രക്തസമ്മർദ്ദം എന്നിവയ്ക്കുള്ള മരുന്നുകളുടെ വിലയും കുതിക്കുകയാണ്. രാജ്യത്തെ പാവങ്ങളായ ജനങ്ങളെ പിഴിഞ്ഞ് അന്താരാഷ്ട്ര മരുന്നുകമ്പനികൾക്ക് ലാഭം കൂട്ടാനുള്ള എൻ.ഡി.എ. സർക്കാരിന്റെ നീക്കത്തിനെതിരെ ശക്തമായ പ്രക്ഷോഭം രാജ്യത്ത് ഉയർന്നുവരികയാണ്.

കേരളത്തിലെ യു.ഡി.എഫ്. സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളും അഴിമതിയും മൂലം സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. അന്താരാഷ്ട്രതലത്തിൽ ക്രൂഡ് ഓയിലിന്റെ വില ഗണ്യമായി കുറയുമ്പോൾ നികുതി വർദ്ധിപ്പിച്ച് ജനങ്ങൾക്ക് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിക്കുകയാണ് കേരള സർക്കാർ. കുത്തഴിഞ്ഞ വിദ്യാഭ്യാസ നയം മൂലം, ഗവർണർ നേരിട്ട് വൈസ് ചാൻസലർമാരുടെ യോഗം വിളിച്ച് തീരുമാനങ്ങൾ എടുത്ത് നടപ്പാക്കുന്ന സ്ഥിതിവന്നു. മതസാമുദായിക സംഘടനകളുടെ തിട്ടൂരങ്ങൾക്ക് ഒരു മടിയും കൂടാതെ വഴങ്ങുകയാണ് സർക്കാർ. ജാതി മതശക്തികളുടെ സമ്മർദ്ദം മൂലം 2015 ലെ പൊതു അവധി പ്രഖ്യാപിക്കുന്നതിൽ കുറ്റകരമായ കാലതാമസമാണുണ്ടായത്. അധികാരത്തിൽ വന്നയുടനെ കാസർകോഡ് വർഗീയ കലാപം അന്വേഷിച്ച ജുഡീഷ്യൽ കമ്മീഷണറെ പിരിച്ചുവിട്ട സർക്കാരാണ് കേരളം ഭരിക്കുന്നത്. സർക്കിൾ ഇൻസ്പെക്ടറെ ബോംബെറിഞ്ഞ കേസിൽ ബി. ജെ. പി. ക്കാർക്കെതിരെയുള്ള കേസുകൾ പിൻവലിച്ചുകൊണ്ട് ക്രമസമാധാന രംഗം തന്നെ തകർക്കുകയാണ്. ബോംബ് കേസിലെ പ്രതിയ്ക്ക് പോലീസിൽ ചേരാനാണ് കേസ് പിൻവലിച്ചത്. അരാജകവാദികളുടെയും ആഭാസന്മാരുടെയും, വർഗീയ ഭീകരവാദികളുടെയും അഴിഞ്ഞാട്ടത്തിന് വേണ്ടി ഭരണകൂടം എത്രത്തോളം തരം താഴുന്നുവെന്നതിന്റെ ദൃശ്യമാണ് നവംബർ 2ന് മറൈൻ ഡ്രൈവിൽ കേരളം ഞെട്ടലോടെ കണ്ടത്.

കെ.എസ്.എഫ്.ഇ.യിലെ 1500 കോടിയോളം വരുന്ന ട്രഷറി നിക്ഷേപത്തിന് പലിശ നൽകുന്നില്ല. അതോടൊപ്പംതന്നെ കമ്പനീസ് ആക്ടിന്റെ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട്, വൈസ് ചെയർമാന് 'കുടിശ്ശിക നിവാരണ'ത്തിന്റെ ചുമതല നൽകിയ സർക്കാർ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. സ്ഥാപനത്തിന്റെ നിലനിൽപ്പിനേയും ഭദ്രതയേയും അതിഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടും ജീവനക്കാരുടെ പ്രമോഷൻ ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും ശക്തമായ പ്രത്യക്ഷ സമരമല്ലാതെ നമുക്ക് മുന്നിൽ മറ്റുമാർഗ്ഗങ്ങൾ ഇല്ല. പ്രശ്നത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വർഗീയതയ്ക്കെതിരേ യോജിച്ച പോരാട്ടം അനിവാര്യം**

നവ ഉദാരവത്ക്കരണ നയങ്ങൾ ശ്രീഘ്രഗതിയിൽ നടപ്പാക്കുന്നതിനൊപ്പം, രാജ്യത്തെ ഹിന്ദുരാഷ്ട്രമാക്കി മാറ്റാനുള്ള തങ്ങളുടെ അജണ്ട നടപ്പാക്കാനുള്ള രാഷ്ട്രീയ അവസരമായി ബി. ജെ. പി. യും സംഘപരിവാരവും രാജ്യത്തെ ഭരണം ഉപയോഗിക്കുകയാണ്. മഹത്തായ മതനിരപേക്ഷ പാരമ്പര്യത്തിന് കളങ്കമേൽപ്പിക്കുന്ന നയങ്ങൾക്കെതിരെ തൊഴിലാളി വർഗ്ഗത്തിന്റെ വിപുലമായ ഐക്യമാണ് ആവശ്യം. എന്നാൽ സംഘപരിവാർ ഉയർത്തുന്ന ഭീഷണിയെ ചെറുക്കാനെന്ന പേരിൽ ന്യൂനപക്ഷസമുദായത്തിലെ ഒരു വിഭാഗം തീവ്രവാദികളും ഭീകരപ്രവർത്തകരുമായി മാറുന്ന അവസ്ഥയും രാജ്യം നേരിടുകയാണ്. അപകടകരമാണ് ഈ സാഹചര്യം. വർഗ്ഗീയതയെ യഥാർത്ഥത്തിൽ മതനിരപേക്ഷത കൊണ്ടാണ് നേരിടേണ്ടത്. എല്ലാത്തരം വർഗ്ഗീയതയേയും കലവറ കൂടാതെ എതിർക്കണം. തൊഴിലാളി വർഗ്ഗത്തിന്റെ കൂട്ടായ്മയാണ് ഇന്നത്തെ ആവശ്യം. മതനിരപേക്ഷത ശക്തിപ്പെടുത്താൻ നമുക്ക് ഒരുമിച്ച് നിൽക്കാം.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം

23-10-2014

**എസ്. മുരളീകൃഷ്ണപിള്ള**

ജനറൽ സെക്രട്ടറി